"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കുടിവെള്ള വിതരണം നടത്തുന്നതിന് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ ഭരണസമിതി അംഗീകരിക്കുന്നതിന് മുൻപ് 2021-2022 വർഷം ഏപ്രിൽ മാസത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിന് കരാറുകാരനെ ചുമതലപ്പെടുത്തിയ ഇലകമൺ ഗ്രാമ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകിയും ഈ ഇനത്തിൽ 81580/- രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും കരാറുകാരന് അനുവദിക്കുന്നതിന് അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1303/2023/LSGD  തീയതി,തിരുവനന്തപുരം, 22-06-2023

---

പരാമർശം:-

1. 14.09.2021-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പൊതുവിഷയങ്ങളിൽ തീരുമാനം നമ്പർ 3.3
2. ഇലകമൺ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.11.2021-ലെ 10(1) നമ്പർ തീരുമാനം
3. പഞ്ചായത്ത് ഡയറക്ടറുടെ 13.04.2022-ലെ PAN/3407/2022-G1(D നമ്പർ കത്ത്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.05.2023-ലെ LSGD/PD/16463/2023-SPL4 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ ടാങ്കറിൽ കുടിവെള്ള വിതരണം നടത്തുന്നതിന് 2020-21 വർഷം ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ നിരക്ക് രേഖപ്പെടുത്തിയ ശ്രീ സുരേഷ് കുമാർ എന്ന വ്യക്തിയെ ചുമതലപ്പെടുത്തിയിരുന്നു. 2021 മെയ് 31 വരെ കുടിവെള്ള വിതരണം നടത്തിയ വകയിൽ ശ്രീ സുരേഷ് കുമാറിന് നൽകുവാൻ ബാക്കിയുണ്ടായിരുന്ന 20420/- രൂപയിൽ 15865/- രൂപ 2021-22 സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിരുന്നുവെങ്കിലും ഈ ഇനത്തിൽ 4555/- രൂപ കൂടി ശ്രീ സുരേഷ്കുമാറിന് നൽകുവാൻ ബാക്കിയുണ്ടായിരുന്നു. ഇലകമൺ ഗ്രാമ പഞ്ചായത്ത് 2021-22 വർഷത്തെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ ക്ഷണിച്ചതിൽ ശ്രീ സുരേഷ്കുമാർ ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ രേഖപ്പെടുത്തുകയും എന്നാൽ കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിലും ലോക്ക് ഡൌൺ പ്രഖ്യാപിച്ചതിനാലും ശ്രീ സുരേഷ്കുമാർ സമർപ്പിച്ച ക്വട്ടേഷൻ ഭരണസമിതി അംഗീകരിക്കുന്നതിന് മുൻപ് തന്നെ 01.04.2021 മുതൽ 30.04.2021 വരെ കുടിവെള്ള വിതരണം നടത്തുന്നതിന് മുൻ വർഷം കുടിവെള്ളം വിതരണം നടത്തിയ കരാറുകാരനായ ശ്രീ സുരേഷ്കുമാറിനെ തന്നെ പഞ്ചായത്ത് ചുമതലപ്പെടുത്തിയിരുന്നു. ഈ ഇനത്തിൽ നൽകുവാനുള്ള 77025/- രൂപ ഉൾപ്പെടെ കുടിവെള്ള

വിതരണം നടത്തിയ വകയിൽ ശ്രീ സുരേഷ്കുമാറിന് ആകെ 81580/- രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിൽ അനുമതിക്കായും ക്വട്ടേഷൻ ഭരണസമിതി അംഗീകരിക്കുന്നതിന് മുൻപ് 01.04.2021 മുതൽ 30.04.2021 വരെ കുടിവെള്ള വിതരണം നടത്തുന്നതിന് ശ്രീ സുരേഷ്കുമാറിനെ ചുമതലപ്പെടുത്തിയ നടപടിക്ക് സാധൂകരണം ആവശ്യപ്പെട്ടുകൊണ്ടും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതിക്ക് ഇലകമൺ പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിരുന്നു. വരൾച്ച സമയത്ത് കുടിവെള്ള വിതരണം നടത്തുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അനുവദനീയമായ തുകയേക്കാൾ അധികം ചെലവഴിക്കുന്ന സാഹചര്യങ്ങളിൽ ആയതിനു സാധൂകരണം നൽകുന്ന വിഷയം വകുപ്പ് തലത്തിൽ പരിശോധിക്കുന്നത് സംബന്ധിച്ച് സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു.

2. കുടിവെള്ള വിതരണം നടത്തുന്നതിനു കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ ഭരണസമിതി അംഗീകരിക്കുന്നതിന് മുൻപ് 01.04.2021 മുതൽ 30.04.2021 വരെ കുടിവെള്ള വിതരണം നടത്തുന്നതിന് ശ്രീ സുരേഷ് കുമാറിനെ ചുമതലപ്പെടുത്തിയ ഇലകമൺ ഗ്രാമ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം ആവശ്യപ്പെട്ടുകൊണ്ടും ഈ ഇനത്തിൽ ശ്രീ സുരേഷ് കുമാറിന് 81580/- രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിൽ അനുമതി ആവശ്യപ്പെട്ടുകൊണ്ടും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഭരണസമിതി തീരുമാനപ്രകാരം ഇലകമൺ ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

3. 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനുമായ "വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി"യിൽ (പ്രോജക്ട് നമ്പർ - 169/21) 200000/- രൂപ തനത് ഫണ്ട് വകയിരുത്തിയിരുന്നു എന്നും ടി പ്രോജക്ട് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 2020-21 വർഷം നടപ്പിലാക്കുകയും 2021-22 വർഷം ടി പദ്ധതി സ്പിൽ ഓവർ (പ്രോജക്ട് നമ്പർ 102/22) ആയി കൊണ്ടുവരികയും കുടിവെള്ള വിതരണം നടത്തുകയും ചെയ്തു എന്നും ടി സ്പിൽ ഓവർ പദ്ധതിയിൽ 15865/- രൂപ മാത്രമായിരുന്നു ബാക്കി ഉണ്ടായിരുന്നത് എന്നും 25/3/2022 തീയതി വരെ കുടിവെള്ള വിതരണം നടത്തിയ ഇനത്തിൽ ചെലവായ തുക ടി സ്പിൽ ഓവർ പ്രോജക്ടിൽ നിന്നും നൽകിയിരുന്നു എന്നും പദ്ധതിയിൽ നിന്നും അധികരിച്ച 81580/- രൂപ കരാറുകാരന് നൽകാനായില്ല എന്നും പ്രോജക്ടിൽ ബാക്കിയുണ്ടായിരുന്ന തുകയേക്കാൾ കുടിവെള്ള വിതരണം നടത്തേണ്ടിവന്നതിനാലാണ് തനത് ഫണ്ടിൽ നിന്ന് തുക ചിലവാക്കേണ്ട സാഹചര്യത്തിൽ എത്തിച്ചേർന്നിട്ടുള്ളത് എന്നും ഇലകമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസവയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പാർമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. ക്വട്ടേഷൻ നടപടി പൂർത്തീകരിച്ച പദ്ധതി 2021-22 സാമ്പത്തിക വർഷം സ്പിൽ ഓവർ ആയി കൊണ്ടുവന്ന് കുടിവെള്ള വിതരണം നടത്തിയതിനാൽ ക്വട്ടേഷൻ നിലനിൽക്കെയാണ് കരാറുകാരൻ കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത് എന്നും ആയതിനാൽ സർക്കാർ നിർദ്ദേശ പ്രകാരം ചെയ്യേണ്ട ടെണ്ടർ നടപടികൾ മറികടന്നിട്ടില്ല എന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ 2021-22 വാർഷിക പദ്ധതിയിൽ കുടിവെള്ളവിതരണ പദ്ധതിയുടെ ക്വട്ടേഷൻ ആദ്യത്തെ 25 കിലോമീറ്ററിന് 2950/- രൂപ നിരക്കിലും അധികരിക്കുന്ന ഓരോ കിലോമീറ്ററിനും 50/- രൂപ എന്ന

നിരക്കിലുമാണ് കരാർ നൽകിയിരിക്കുന്നത് എന്നും 2020-21 ലെ ക്വട്ടേഷൻ തുകയുടെ നിരക്കിലാണ് 2021-22 ലും കുടിവെള്ള വിതരണം നടത്തിയ ഇനത്തിൽ കരാറുകാരന് തുക നൽകേണ്ടതു എന്നതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല എന്നും ഇലകമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പാർമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കുടിവെള്ള വിതരണം നടത്തുന്നതിനു കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ ഭരണസമിതി അംഗീകരിക്കുന്നതിന് മുൻപ് 2021-2022 വർഷം ഏപ്രിൽ മാസത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിന് കരാറുകാരനെ ചുമതലപ്പെടുത്തിയ ഇലകമൺ ഗ്രാമ പഞ്ചായത്തിന്റ നടപടിക്ക് സാധൂകരണം നൽകിയും ഈ ഇനത്തിൽ കരാറുകാരനായ ശ്രീ സുരേഷ് കുമാറിന് 81580/- രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് ഇലകമൺ ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, ഇലകമൺ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
K Renuka
സെക്ഷൻ ഓഫീസർ
Date: 26-06-2023 12:43:26

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്